**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 357** **08-06-2021 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ സബ്ട്രഷറി കെട്ടിടനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | **Shri K N Balagopal**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ചാത്തന്നൂർ സബ്ട്രഷറിക്കായുള്ള കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ; | (എ) | ചാത്തന്നൂർ സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് കൊല്ലം താലൂക്കിൽ മീനാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 30 ൽ റീസർവ്വേ നമ്പർ 158/2 ൽ പ്പെട്ട 10 സെന്റ് സ്ഥലം ലഭ്യമായിട്ടുള്ളതും അവിടെ ട്രെഷറിക്ക് എല്ലാവിധ സൗകര്യങ്ങളോടും കൂടിയ കെട്ടിടം നിർമിക്കുന്നതിന് 12/07/2018 തീയതിയിലെ സ.ഉ(സാധാ) നം. 5944/2018/ധന ഉത്തരവ് പ്രകാരം 3,20,64,625/- രൂപയുടെ ഭരണാനുമതിയും 31/01/2019 തീയതിയിലെ സ.ഉ(സാധാ) നം. 757/2019/2019/ധന ഉത്തരവ് പ്രകാരം 2,42,80,000 രൂപയുടെ സാങ്കേതികാനുമതിയും നല്കിയിട്ടുള്ളതും നിർമാണ നിർവഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡ് മുഖേന പ്രസ്തുത കോൺട്രാക്ടർ നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുകയുമാണ്. കെട്ടിടത്തിന്റെ structural വർക്കുകൾ പൂർത്തിയാക്കിയിട്ടുണ്ട്. ചുറ്റുമതിൽ 2 വശം പൂർത്തീകരിച്ചു. പെയിന്റിംഗ് പുട്ടിവർക്ക് 80 % പൂർത്തികരിച്ചു. |
| (ബി) | കെട്ടിടനിർമ്മാണം പൂർത്തീകരിക്കുന്നതിന് അവശേഷിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | ഇലക്ട്രിക്കൽ, ഇലക്ട്രോണിക്, പ്ലംബിംഗ് സാനിറ്ററി വർക്കുകളും ഫർണിഷിങ് വർക്കുകളും അവശേഷിക്കുന്നു. |
| (സി) | ഇപ്പോഴത്തെ നിലയിൽ ചാത്തന്നൂർ സബ്ട്രഷറി കെട്ടിടനിർമ്മാണം എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (സി) | 2021 സെപ്തംബർ 30 നു കെട്ടിട നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കും എന്നാണ് നിർവഹണ ഏജൻസി അറിയിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ